DESPATCHED
On..13|3|2020
13/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1160*(7)/2013*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3547** /*എസ്.ഐ.സി-ജി 6 /13)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.രാമചന്ദ്രൻ,
കണിയാം പറമ്പിൽ,
ചേപ്പാട് പി.ഒ.,
പിൻ - 690 507. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്, ചേപ്പാട്, ആലപ്പുഴ ജില്ല.

2. അപ്പീൽ അധികാരി,
കാർത്തികപ്പള്ളി താലൂക്ക് ഓഫീസ്,
കാർത്തികപ്പള്ളി, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.06.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.07.2012 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.01.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.03.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.03.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.രാമചന്ദ്രൻ, 13.03.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 16.03.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.1160(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി അപൂർണ്ണവും തെറ്റായതുമാണെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആകയാൽ ടിയാന് മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 23.06.2012ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 09.07.2012ന് നൽകിയ മറുപടിയിൽ ടി ഓഫീസിലെ റീസർവ്വെ റിക്കാർഡുകൾ പരിശോധിച്ചതിൽ ബ്ലോക്ക് നമ്പർ.14 റീസർവ്വെ 84/13ൽ 34.25 ആർസ് വസ്തുവിന്റെ എഫ്.എം.ബി. മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും ആയതിൽ നിന്നുണ്ടായിട്ടുള്ള പി.വി. സബ് ഡിവിഷൻ സ്കെച്ച് ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്. ടി മറുപടിയ്ക്കെതിരെ 28.01.2013ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 08.07.2013ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ 19.04.2013ന് നേരിൽ കേൾക്കുകയും ടിയാന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി ടി ഓഫീസിൽ ലഭ്യമായ രേഖകളുടെ പകർപ്പ് നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കിയതായി കാണുന്നുവെന്നും ടിയാന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിലാണ് ടിയാന് ആക്ഷേപമുള്ളതെന്നും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സംഗതിയല്ലാത്തതിനാൽ അപ്പീൽ നിരസിച്ചുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 20.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമായില്ലെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ചേപ്പാട് വില്ലേജിൽ രണ്ട് ബ്ലോക്കുണ്ടെന്നും ടിയാന്റെ വസ്തു ഏത് ബ്ലോക്കിൽപ്പെടുന്നതാണെന്ന് അപേക്ഷയിൽ പറയുന്നില്ലെന്നും സർവ്വെ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നുമാണ്. എന്നാൽ പിന്നീട് ബ്ലോക്ക്-14 ആണെന്ന് അറിയാൻ

കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ അയച്ചുകൊടുത്തുവെന്നുമാണ്. കൂടാതെ ടിയാന്റെ അപേക്ഷയിൽ പരാതി പരിഹാരമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നുമാണ്. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഫീൽഡ് നമ്പർ 84ന്റെ എഫ്.എം.ബിയുടെ പകർപ്പ് അയച്ചുകൊടുത്തിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും കമ്മീഷനു ബോധ്യമാകുന്നു. ടിയാന്റെ വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പരാതിയൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും പരാതിപരിഹാരത്തിന് അനുയോജ്യമായ മറ്റു ഫോറങ്ങളെ സമീപിക്കേണ്ടതാണെന്നും കമ്മീഷൻ ഹർജിക്കാരന് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM